**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡീഷണൽ ഡയറക്ടർ (എ&റ്റി) യുടെ നടപടിക്രമം**

| | |
|---|---|
| വിഷയം: | ആവഡ - ആരോഗ്യ വകുപ്പിലെ 31.12.2019 വരെയുള്ള കാലയളവിലെ നഴ്സിംഗ് ഓഫീസർ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ നിന്ന് ശ്രീമതി. ലിൻസി തങ്കച്ചന്റെ പേര് നീക്കം ചെയ്ത് ഭേദഗതി ഉത്തരവാകുന്നു- |
| പരാമർശം: | ഉത്തരവ് നമ്പർ ഇ.എസ്3- 1041/2022/ആ.വ.ഡ തീയതി 25.05.2023 |

ഉത്തരവ് നം. DHS/22947/2025-EL4 തീയതി. 17-09-2026

ആരോഗ്യവകുപ്പിൽ 31.12.2019 വരെയുള്ള നഴ്സിംഗ് ഓഫീസർ തസ്തികയിലെ സീനിയോറിറ്റി പട്ടിക പരാമർശം ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത പട്ടികയിൽ 2991 റാങ്ക് ആയി **ശ്രീമതി. ലിൻസി തങ്കച്ചൻ** (പെൻ - 894134) ഉൾപ്പെട്ടിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ കൊല്ലം ജില്ലാ ഓഫീസിൽ നിന്നും No. QRII(1)753/2017, തീയതി 21.12.2019 പ്രകാരം നഴ്സിംഗ് ഓഫീസർ തസ്തികയിൽ നിയമന ശിപാർശ ചെയ്യപ്പെട്ട ടിയാൾക്ക് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവ് നം. A5-13400/2019/DMOHK, Dtd 03.03.2020 പ്രകാരം കൊല്ലം ജില്ലാ ആശുപത്രിയിൽ നിയമന ഉത്തരവ് നൽകിയിരുന്നു. എന്നാൽ ടിയാൾ പ്രവേശന കാലാവധി ദീർഘിപ്പിച്ച് വാങ്ങുകയും 09.07.2020 ന് സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തു. ആയത് നിയമന ഉത്തരവ് തീയതി മുതൽ 90 ദിവസങ്ങൾക്ക് ശേഷമാണ്. എന്നാൽ ശ്രീമതി. ലിൻസി തങ്കച്ചനെ അഡ്വൈസ് തീയതിയായ 21.12.2019 പ്രാബല്യം കൊടുത്താണ് മേൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾ പ്പെടുത്തിയിട്ടുള്ളത്. KS&SSR PART II, 27C, PROVISO 1 പ്രകാരം "നിയമന ഉത്തരവ് തിയതി മുതൽ 3 മാസത്തിനുമേൽ പ്രവേശന കാലയളവ്

ദീർഘിപ്പിച്ചവരുടെ സീനിയോറിറ്റി അവർ ജോലിയിൽ പ്രവേശിക്കുന്ന തീയതിവച്ചു തീരുമാനിക്കേണ്ടതാണ്." ആയതിനാൽ 31.12.2019 വരെയുള്ള നഴ്സിംഗ് ഓഫീസർ തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ടിയാൾ അർഹയല്ല. ആയതിനാൽ **ശ്രീമതി. ലിൻസി തങ്കച്ച**ന് 2991 എന്ന റാങ്ക് നമ്പറായി ചേർത്തത് തെറ്റായിരുന്നു എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നമ്പർ ഇ.എസ്3- 1041/2022/ആ.വ.ഡ, തീയതി 25.05.2023 പ്രകാരം പ്രസിദ്ധീകരിച്ച നഴ്സിംഗ് ഓഫീസർ തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ നിന്നും ശ്രീമതി. ലിൻസി തങ്കച്ചന്റെ പേര് നീക്കം ചെയ്ത് ഇതിനാൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

Digitally signed by
Sandeep K
Date: 17-09-2026
21:49:17

**ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (എ&റ്റി)**

സ്വീകർത്താവ്

ശ്രീമതി. ലിൻസി തങ്കച്ചൻ, നഴ്സിംഗ് ഓഫീസർ (ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ് മുഖേന)

പകർപ്പ്:-

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ് മുഖേന)
2. സൂപ്രണ്ട്, ഇ.ഇ സെക്ഷൻ.
3. ഫയൽ / കരുതൽ ഫയൽ.